കേരള കാർഷിക സർവ്വകലാശാല
കൃഷി സമ്പ്രദായ ഗവേഷണ കേന്ദ്രം
സദാനന്ദപുരം പി. ഒ, കൊട്ടാരക്കര

ടെൻഡർ നോട്ടീസ്

നമ്പർ എഫ്.എസ്.(4) 663/2022 തീയതി : 22/03/2022

കേരള കാർഷിക സർവ്വകലാശാലയുടെ സദാനന്ദപുരം കൃഷി സമ്പ്രദായ ഗവേഷണ കേന്ദ്രത്തിലേക്ക് ഈ സാമ്പത്തിക വർഷത്തിൽ പുരുഷ-വനിതാ തൊഴിലാളികളെ ദിവസവേതനാടിസ്ഥാനത്തിൽ നൽകുവാൻ താല്പര്യമുള്ള വ്യക്തികളിൽ നിന്നോ സ്ഥാപനങ്ങളിൽ നിന്നോ മത്സര സ്വഭാവമുള്ള മുദ്രവെച്ച ടെൻഡറുകൾ ക്ഷണിക്കുന്നു.

ടെൻഡറിൽ പുരുഷ-വനിതാ തൊഴിലാളികൾക്കുള്ള ഒരു ദിവസത്തെ നിരക്ക് പ്രത്യേകം രേഖപ്പെടുത്തി മുദ്രവെച്ച കവറിൽ "തൊഴിലാളികളെ നൽകുന്നതിനായുള്ള ടെൻഡർ" എന്ന് രേഖപ്പെടുത്തി പ്രൊഫസർ ആന്റ് ഹെഡ്, കൃഷി സമ്പ്രദായ ഗവേഷണ കേന്ദ്രം, സദാനന്ദപുരം പി.ഒ, കൊട്ടാരക്കര -691531 എന്ന വിലാസത്തിൽ **05/04/2022 തീയതി പകൽ 2.00 ന്** മുൻപായി ഈ ഓഫീസിൽ എത്തിക്കേണ്ടതാണ്. അന്നേ ദിവസം പകൽ **2.30** മണിക്ക് ടെൻഡറുകൾ തുറക്കുന്നതാണ്. ടി ദിവസം ഏന്തെങ്കിലും കാരണത്താൽ അവധിയായാൽ, തൊട്ടടുത്ത പ്രവൃത്തി ദിവസം തുറക്കുന്നതാണ്. ടെൻഡറിനൊപ്പം താഴെ പറയുന്ന അധികാരിക രേഖകൾ ഉൾക്കൊള്ളിക്കേണ്ടതാണ്.

<u>ജോലിയുടെ സ്വഭാവം</u>

കൃഷി അനുബന്ധ ജോലികളായ തടം തുറക്കൽ, കളയെടുപ്പ്, വളപ്രയോഗം പച്ചക്കറികളുടെ വിത്തുല്പാദനം, റൂട്ട് സ്റ്റോക്ക് ഉല്പാദനം മുതലായവ.

1. നിശ്ചിത ടെൻഡർ ഫോമിൽ പുരുഷ- വനിതാ തൊഴിലാളികളുടെ ഒരു ദിവസത്തെ നിരക്ക് പ്രത്യേകമായി രേഖപ്പെടുത്തിയിരിക്കണം. ടെൻഡർ ഫോം https://kau.in/tenders എന്ന പോർട്ടലിൽ ലഭ്യമാണ്.
2. അനുബന്ധമായി ചേർത്തിട്ടുള്ള ടെൻഡർ നിബന്ധനകൾ ഒപ്പ്, പേര്, മേൽ വിലാസം എന്നിവ രേഖപ്പെടുത്തി ടെൻഡർ ഫോമിനൊപ്പം സമർപ്പിക്കണം.
3. ടെൻഡർ തുകയായ 1500 രൂപ്, ജി.എസ്.ടി (18%) 270 രൂപ, നിരതദ്രവ്യമായ (ഇ.എം.ഡി) 5000 രൂപ എന്നിവ മൂന്ന് വ്യത്യസ്ത ഡി.ഡി./ബാങ്കേഴ്സ് ചെക്കായി പ്രൊഫസർ & ഹെഡ്, കൃഷി സമ്പ്രദായ ഗവേഷണ കേന്ദ്രം, സദാനന്ദപുരം പി.ഒ, കൊട്ടാരക്കര -691531 എന്ന പേരിൽ എസ്.ബി.ഐ പുലമൺ ശാഖയിൽ (പുലമൺ ജംഗ്ഷൻ ബ്രാഞ്ച്) മാറാവുന്ന രീതിയിൽ ടെൻഡർ ഫോമിനും നിബന്ധനകൾക്കുമൊപ്പം സമർപ്പിക്കണം.
4. ടെൻഡർ ലഭിക്കുന്ന വ്യക്തി 10000/- രൂപ സെക്യൂരിറ്റി ഡെപ്പോസിറ്റ് ഒടുക്കേണ്ടതാണ്, കാലാവധിയ്ക്ക് ശേഷം ഈ തുക പലിശ രഹിതമായി തിരികെ നൽകുന്നതാണ്

5. കരാറുകാരന്റെ മേൽവിലാസം അടങ്ങിയ തിരിച്ചറിയൽ രേഖ ടെൻഡറിനൊപ്പം ഉൾക്കൊള്ളിക്കേണ്ടതാണ്.

<u>നിബന്ധനകൾ</u>

1. കായിക ശേഷിയുള്ള 18 നും 60 നും ഇടയിൽ പ്രായമുള്ള തൊഴിലാളികളെയായിരിക്കണം ജോലിയ്ക്ക് നൽകേണ്ടത്.
2. ജോലി സമയം രാവിലെ 8 മണി മുതൽ വൈകിട്ട് 5 മണി വരെയായിരിക്കും.
3. ഈ ടെൻഡറുകൾ പ്രകാരം ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് ജോലികൾക്കിടയിലുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് കേരള കാർഷിക സർവ്വകലാശാല യാതൊരുവിധ ഉത്തരവാദിത്വവും ബാധ്യതയും വഹിക്കുന്നതല്ല.
4. മേൽപ്പറഞ്ഞ ജോലിക്ക് സ്ത്രീ തൊഴിലാളികൾക്കും പുരുഷതൊഴിലാളികൾക്കും പ്രത്യേകം നിരക്ക് രേഖപ്പെടുത്തിയിരിക്കണം. ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയിരിക്കുന്ന വ്യക്തി / സ്ഥാപനത്തിന്റെ ടെൻഡർ തൃപ്തികരമെന്ന് തോന്നിയാൽ മാത്രം സ്വീകരിക്കുന്നതും ടെൻഡർ ഉറപ്പിച്ചു നല്കുന്നതുമായിരിക്കും. ഓരോ ദിവസവും സ്റ്റേഷൻ മേധാവി ആവശ്യപ്പെടുന്ന തൊഴിലാളികളുടെ നിശ്ചിത എണ്ണം തലേ ദിവസം മുൻകൂട്ടി മേലധികാരികളിൽ നിന്നും അറിഞ്ഞിരിക്കേണ്ടതാണ്. കരാറുകാരന്റെ /തൊഴിലാളികളുടെ കൃത്യവിലോപം, അശ്രദ്ധ മുതലായവ മൂലം ഫാമിനുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് കരാറുകാരൻ ഉത്തരവാദിയായിരിക്കുന്നതാണ്.
5. ജോലികൾ തൃപ്തികരമല്ലെങ്കിൽ ടെൻഡർ കരാർ യാതൊരു മുന്നറിയിപ്പും കൂടാതെ അവസാനിപ്പിക്കാനുള്ള അധികാരം സ്റ്റേഷൻ മേധാവിയിൽ നിക്ഷിപ്തമായിരിക്കും.
6. ഇപ്രകാരം ജോലി ഏറ്റെടുക്കുന്ന തൊഴിലാളിക്ക് ജോലിയുടെ വേതനം കൈപ്പറ്റുവാൻ മാത്രമേ അവകാശം ഉണ്ടായിരിക്കുകയുള്ളൂ. സർവ്വകലാശാലയുടെ നിയമനങ്ങളിൽ യാതൊരുവിധ പരിഗണനയ്ക്കോ മുൻഗണനയ്ക്കോ ആനുകൂല്യങ്ങൾക്കോ അർഹത ഉണ്ടായിരിക്കുന്നതല്ല.
7. സർക്കാർ ടെൻഡറുകൾക്ക് ബാധകമായ എല്ലാ നിബന്ധനകളും ഈ ടെൻഡറിനും ബാധകമായിരിക്കും.

ഒപ്പ്
പ്രൊഫസ്സർ ആന്റ് ഹെഡ്ഡ്

പകർപ്പ് : കെ.എ.യു വെബ്സൈറ്റ്/നോട്ടീസ് ബോർഡ് (2)/ ഫാം മാനേജർ/വെട്ടിക്കവല ഗ്രാമപഞ്ചായത്ത്/ വെട്ടിക്കവല വില്ലേജ് /കൊട്ടാരക്കര മുനിസിപ്പാലിറ്റി/ ഫയൽ.

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്

FARMING SYSTEMS RESEARCH STATION KERALA AGRICULTURAL UNIVERSITY
SADANANDAPURAM
KOTTARAKARA-691531